## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1648 25.3.2013 ൽ മറുപടിക്ക്.**

## ഐഡിയാസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ.മാധവൻ | ശ്രീ. ഉമ്മൻചാണ്ടി |
| ,,പാലോട് രവി | (മുഖ്യമന്ത്രി) |
| ,,എ.പി അബ്ദുള്ളക്കുട്ടി | |
| ,,ആർ.സെൽവരാജ് | |

| | | | |
|---|---|---|---|
| (എ) | ഐഡിയാസ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | സെക്രട്ടേറിയറ്റിൽ ഫയൽ നീക്കം ഓൺലൈനിലൂടെ പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റിൽ വരാതെ തന്നെ നിരീക്ഷിക്കുന്നതിനു വേണ്ടിയാണ് ഐഡിയാസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഫയലുകളുടെ നീക്കം ഇൻഫർമേഷൻ ആന്റ് ഡേറ്റാ എക്സ്ചേഞ്ച് അഡ്വാൻസ്ഡ് സിസ്റ്റം എന്ന സംവിധാനത്തിലൂടെ സർക്കാർ വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധം സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെയാണ് സർക്കാർ ഈ സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. |
| (ബി) | ഫയലുകളുടെ നീക്കം നിരീക്ഷിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഫയലുകൾ ഏത് ഉദ്യോഗസ്ഥന്റെ പക്കലാണെന്ന് ഐഡിയാസ് സംവിധാനത്തിലൂടെ പൊതുജനത്തിന് അറിയാൻ കഴിയും. |
| (സി) | ഏതെല്ലാം വകുപ്പുകളിലാണ് ഈ സംവിധാനം നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഡി.ഡി.എഫ്.എസ് നടപ്പിലാക്കിയിട്ടുള്ള ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യാ, ഭക്ഷ്യവും-പൊതു വിതരണവും വകുപ്പുകൾ ഒഴികെ സെക്രട്ടേറിയറ്റിലെ |

| | | | |
|---|---|---|---|
| | | | മറ്റു എല്ലാ വകുപ്പുകളിലും ഐഡിയാസ് സംവിധാനം നിലവിലുണ്ട്. |
| (ഡി) | എല്ലാ പ്രധാന സർക്കാർ ഓഫീസുകളിലും ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് വഴി വിവരങ്ങൾ അറിയുവാനുള്ള സംവിധാനം ഒരുക്കുമോ? | (ഇ) | ഒരുക്കിയിട്ടുണ്ട്."www.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനിലൂടെ ഫയൽ നീക്കം പൊതുജനങ്ങൾക്ക് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ